ജനുവരി 2014

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപത്രിക



# നിർധന വിദ്യാർത്ഥികളുടെ സ്വപ്ന സാക്ഷാത്ക്കാരത്തിന് 'പ്രതീക്ഷ' പദ്ധതി

സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സമർത്ഥരായ 30 വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സാഹചര്യമൊരുക്കുന്നതിന് എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് പ്രതീക്ഷ പദ്ധതി നടപ്പിലാക്കുന്നു. എച്ച്എൽഎല്ലിന്റെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പദ്ധതി.

തിരുവനന്തപുരത്ത് പ്രൊഫഷണൽ, ടെക്നിക്കൽ കോഴ്സുകൾ ചെയ്യുന്ന ബിപിഎൽ വിഭാഗത്തിലുൾപ്പെട്ട 18 വിദ്യാർത്ഥികൾക്ക് പ്രതീക്ഷ പദ്ധതിയിലൂടെ സഹായം ലഭിക്കും. കർണാടകത്തിലെ ബെൽഗാം ജില്ലയിലെ കനഗലയിലുള്ള പന്ത്രണ്ടു വിദ്യാർത്ഥികൾക്കും സഹായം ലഭ്യമാക്കുന്നുണ്ട്. എച്ച്എൽഎല്ലിന്റെ പ്രധാന ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നതും 500ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്നതും തിരുവനന്തപുരത്തും ബെൽഗാമിലുമായതിനാലാണ് ജീവനക്കാരുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനായി ഈ രണ്ടു സ്ഥലങ്ങൾ തെരഞ്ഞെടുത്തത്.

പദ്ധതിപ്രകാരം പന്ത്രണ്ടു ലക്ഷത്തോളം രൂപയാണ് മെഡിക്കൽ, എൻജിനീയറിംഗ്, നഴ്സിംഗ്, ബിഫാം, ഡിപ്ലോമ, ഐടിഐ എന്നീ കോഴ്സുകൾ പഠിക്കുന്നതിനുള്ള സാമ്പത്തിക സഹായമായി നൽകുന്നത്. മെഡിസിനു പഠിക്കുന്ന അഞ്ചു വിദ്യാർത്ഥികൾക്ക് പ്രതിവർഷം 30,000 രൂപയും എൻജിനീയറിംഗ്, ബി ഫാം എന്നീ കോഴ്സുകൾ പഠിക്കുന്നവർക്ക് 20,000 രൂപയും ധനസഹായം ലഭിക്കും.നഴ്സിംഗ്, ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്നവർക്ക് പ്രതിവർഷം 10,000 രൂപ വീതവും ഐടിഐയിൽ പഠിക്കുന്നവർക്ക് 5000 രൂപ വീതവും ലഭിക്കും.

എച്ച്എൽഎൽ ജീവനക്കാരുടെ പിന്തുണയോടുകൂടി രൂപീകരിച്ച പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയുടെ ഉദ്ഘാടനം എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ജനുവരി 20 ന് നടന്നു. എച്ച്എൽഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം.അയ്യപ്പൻ വിദ്യാർത്ഥികൾക്കുള്ള ധനസഹായവും വിതരണം ചെയ്തു. ജീവനക്കാരുടെ സംഭാവനകൾക്കു പുറമെ എച്ച്എൽഎല്ലിന്റെ സിഎസ്ആർ ഫണ്ടിൽ നിന്നുള്ള വിഹിതവുമാണ് പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിക്കായി ഉപയോഗിക്കുക.


സമൂഹത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് സാധ്യമായ പ്രവർത്തനങ്ങളാണ് സാമൂഹ്യ പ്രതിബദ്ധത പ്രവർത്തനങ്ങൾ കൊണ്ട് എച്ച്എൽഎൽ ഉദ്ദേശിക്കുന്നതെന്ന് ഡോ.അയ്യപ്പൻ പറഞ്ഞു.സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിവിധ അവസരങ്ങൾ നൽകി അവരെ മൂല്യബോധമുള്ള പൗരൻമാരാക്കി മാറ്റാനാണ് പ്രതീക്ഷ പദ്ധതി വിഭാവനം ചെയ്യുന്നത്. കമ്പനിയും ജീവനക്കാരും ഒരുപോലെ ഇതിൽ ഭാഗമാകുന്നു എന്നതാണ് പദ്ധതിയെ വേറിട്ടതാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രിൻസിപ്പൽ ഡോ.കെ.സി. രവീന്ദ്രനാഥ് അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ എച്ച്എൽഎൽ ഫിനാൻസ് വിഭാഗം ഡയറക്ടർ ശ്രീ.ആർ.പി. ഖണ്ഡേൽവാൽ, ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് വിഭാഗം ഡയറക്ടർ ഡോ.കെ.ആർ.എസ്.കൃഷ്ണൻ എന്നിവർ പങ്കെടുത്തു.

സാങ്കേശ്വരിലെ എസ്.ഡി. ഹൈസ്കൂളിൽ നടന്ന പരിപാടിയിൽ കനഗാലയിലെ പന്ത്രണ്ടു വിദ്യാർത്ഥികൾക്ക് ധനസഹായം കൈമാറി. എച്ച്എൽഎല്ലിന്റെ നിലവിലുള്ള സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളിലേക്കുള്ള ഒരു കൂട്ടിച്ചേർക്കൽ കൂടിയാണ് പ്രതീക്ഷാ പദ്ധതി.




പ്രതീക്ഷ പദ്ധതിയുടെ ഉദ്ഘാടനത്തിന് ശേഷം സിഎംഡി ഡോ എം അയ്യപ്പനും ഉയർന്ന ഉദ്യോഗസ്ഥരും വിദ്യാർത്ഥികൾക്കൊപ്പം



# പ്രതീക്ഷകൾക്ക് ചിറക് മുളയ്ക്കുമ്പോൾ...

പഠനത്തിൽ ഇവർ മികവ് കാട്ടി.വർണാഭമായ ഭാവി ഇവർ സ്വപ്നം കണ്ടു. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഇവരുടെ ജീവിത പടവുകൾ ദുഷ്കരമാക്കി. അപ്പോഴാണ് സഹായഹസ്തവുമായി എച്ച്എൽഎല്ലിന്റെ 'പ്രതീക്ഷ'പദ്ധതി ഇവർക്ക് മുന്നിലെത്തിയത്. ശോഭനമായ ഭാവിയിലേക്ക് ചുവടുവയ്ക്കുന്ന ഏറ്റവും അർഹരായവർക്കാണ് എച്ച്എൽഎൽ ഉപരിപഠനത്തിന് സഹായം നൽകുന്നത്. പ്രതീക്ഷ പദ്ധതി സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകിയപ്പോൾ അവർ വാചാലരായി.

### ദൈവം നേരിട്ടു വന്നപോലെ

"പ്രതീക്ഷ പദ്ധതിയിലൂടെ സഹായം ലഭിച്ചപ്പോൾ ദൈവം നേരിട്ടു വന്ന അനുഭവമായിരുന്നു. മകന്റെ മുന്നോട്ടുള്ള പഠനത്തിനു ഈ തുക സഹായകമായി. 35 വർഷമായി മാനസിക രോഗത്തിനു ചികിത്സയിലാണ് എന്റെ ഭർത്താവ്. മകനിലാണ് എന്റെ മുഴുവൻ പ്രതീക്ഷയും. സ്കൂൾ തലങ്ങളിലെല്ലാം പഠനത്തിൽ ഒന്നാമനായിരുന്നു ആദർശ്. അവന്റെ മുന്നോട്ടുള്ള പഠന ചിലവ് താങ്ങാൻ കഴിയാത്ത അവസ്ഥയിലായിരുന്നു എന്റെ കുടുംബം. പ്രതീക്ഷ പദ്ധതിയുടെ സഹായം ലഭിച്ചതിലൂടെ പകുതി ആശ്വാസം തോന്നുന്നു. എച്ച്എൽഎല്ലിന്റെ സാമൂഹ്യ പ്രതിബദ്ധത പദ്ധതികൾക്ക് നേതൃത്വം നൽകുന്ന സിഎംഡി ഡോ.എം.അയ്യപ്പൻ സാറിനോട് ഞങ്ങൾ എന്നും കടപ്പെട്ടിരിക്കും."

ഓമന

(എൻജിനിയറിംഗ് വിദ്യാർത്ഥിയായ ആദർശിന്റെ അമ്മ, തിരുവനന്തപുരം)

### എങ്ങനെ നന്ദി പറയണമെന്നു അറിയില്ല

"ഞങ്ങൾ ഗ്രാമവാസികളാണ്. എല്ലാവരാലും അവഗണിക്കപ്പെട്ടവരാണു ഞങ്ങളെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. എന്റെ മകൻ ശശിധർ പഠനത്തിൽ ചെറുപ്പം മുതലേ മികവ് പുലർത്തിയിരുന്നു. എന്നാൽ വേണ്ടത്ര പിന്തുണ നൽകാൻ എനിക്ക് പലപ്പോഴും സാധിച്ചിരുന്നില്ല. എംബിബിഎസിനു അഡ്മിഷൻ ലഭിച്ചപ്പോൾ ഞാനും എന്റെ ഗ്രാമവാസികളും വളരെയധികം സന്തോഷിച്ചു. പഠന ചിലവ് എന്നെ ആശങ്കപ്പെടുത്തിയിരുന്ന സമയത്താണ് എച്ച്എൽഎല്ലിന്റെ സഹായ സ്പർശം ലഭിച്ചത്. എങ്ങനെ നന്ദി പറയണമെന്നു എനിക്കറിയില്ല."

അശോക്

(എംബിബിഎസ് വിദ്യാർത്ഥി ശശിധറിന്റെ അച്ഛൻ,ബൽഗാം)

### ഇത് കഠിന പ്രയത്നത്തിനുമുള്ള അംഗീകാരം

"എന്റെ അച്ഛൻ കർഷകനാണ്. എന്നാൽ അതിൽ നിന്നും വലിയ വരുമാനമൊന്നും ലഭിച്ചിരുന്നില്ല. കഴിഞ്ഞ രണ്ടു വർഷം കൃഷിയിൽ വൻ നഷ്ടമായിരുന്നു. പ്രൈമറി തലം മുതൽ 80% ത്തിലേറെ മാർക്ക് വാങ്ങി പഠിച്ചവളാണ് ഞാൻ. എന്നാൽ സർക്കാരിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ധന സഹായമൊന്നും ലഭിച്ചിരുന്നില്ല. അതുകൊണ്ടു തന്നെ എച്ച്എൽഎല്ലിന്റെ ഈ സാമ്പത്തിക സഹായം എന്റെ പഠനത്തിനും, കഠിന പ്രയത്നത്തിനുമുള്ള ദൈവത്തിന്റെ അംഗീകാരമായാണ് കാണുന്നത്."

പൂജ ബാലസൊ ചവാൻ

(ബിഫാം വിദ്യാർത്ഥിനി,ബൽഗാം)

### ഒരിക്കലും മറക്കാനാവില്ല

"ആമിനയുടെ ഫീസടച്ചു. പ്രതീക്ഷ പദ്ധതിയുടെ സഹായംകൊണ്ട് അവൾക്ക് പുസ്തകങ്ങളും പഠനസാമഗ്രികളും വാങ്ങാൻ കഴിഞ്ഞു. മദ്യപാനം മൂലം രോഗബാധിതനായ എന്റെ ഭർത്താവിന് മകളുടെ പഠനചിലവ് വഹിക്കാൻ നിർവാഹമില്ലായിരുന്നു. എന്റെ വളരെ തുച്ഛമായ വരുമാനമാണ് കുടുംബത്തിന്റെ ആകെ ആശ്രയം. ഈയൊരവസ്ഥയിൽ ലഭിച്ച സഹായം ഞങ്ങൾക്ക് ഒരിക്കലും മറക്കാൻ കഴിയില്ല."

ഫാജിദ

(ബിഎസ്സി നഴ്സിങ് വിദ്യാർത്ഥിനിയായ ആമിനയുടെ അമ്മ, തിരുവനന്തപുരം)

# പെന്റാവാലന്റ്, ഹെപ്പറ്റൈറ്റിസ് ബി വാക്സിനുകൾ എച്ച്ബിഎൽ പുറത്തിറക്കി




രാജ്യത്ത് പെന്റാവാലന്റ്, ഹെപ്പറ്റൈറ്റിസ് ബി വാക്സിനുകൾ മിതമായ  നിരക്കിൽ ലഭ്യമാക്കുന്ന ആദ്യ പൊതുമേഖലാ സ്ഥാപനം എന്ന ഖ്യാതി ഇനി എച്ചഎൽഎൽ ബയോടെക് ലിമിറ്റഡിനു(എച്ച്ബിഎൽ) സ്വന്തം. ഡിഫ്തീരിയ, ടെറ്റനസ്, വില്ലൻ ചുമ, ഹെപ്പറ്റൈറ്റിസ് ബി, എച്ച് ഐ ബി എന്നീ അഞ്ചു രോഗങ്ങൾക്കുള്ള പ്രതിരോധമരുന്നായ പെന്റാവാലന്റ്, കരൾ സംബന്ധരോഗങ്ങളെ ചെറുക്കുന്നതിനുള്ള ഹെപ്പറ്റൈറ്റിസ് ബി വാക്സിനുകളാണ് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി എച്ച്ബിഎൽ വിപണിയിലെത്തിക്കുന്നത്. പെന്റാവാലന്റ് വാക്സിനായ പെന്റാഹില്ലും ഹെപ്പറ്റൈറ്റിസ് ബി വാക്സിനായ ഹൈവാക് ബിയും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി ശ്രീ ലവ് വർമ്മ  31 ജനുവരി 2015 ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ പുറത്തിറക്കി. ചെയർമാൻ ഡോ. എം.അയ്യപ്പനും ചടങ്ങിൽ പങ്കെടുത്തു.

പെന്റാവാലന്റ്, ഹെപ്പറ്റൈറ്റിസ് ബി വാക്സിനുകളുടെ ഉൽപ്പാദനം ഇന്ത്യയുടെ ആരോഗ്യ രംഗത്തെ പ്രതിരോധ പദ്ധതികളെ ശക്തിപ്പെടുത്തുമെന്ന് ശ്രീ ലവ് വർമ്മ  പറഞ്ഞു. എച്ച്ബിഎല്ലിന്റെ വാക്സിൻ പദ്ധതിയായ സംയോജിത  വാക്സിൻ സമുച്ചയത്തിന്റെ( ഐവിസി) പ്രവർത്തനത്തിന് ഈ നേട്ടം നാഴികക്കല്ലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്ത് വലിയൊരുവിഭാഗം നവജാതശിശുക്കൾക്കും പെന്റാവാലന്റ് വാക്സിനുകൾ ലഭ്യമല്ലാത്ത അവസ്ഥയാണ് ഉണ്ടായിരുന്നത്. ഗുണമേൻമയേറിയ പെന്റാവാലന്റ് വാക്സിനുകൾ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതോടെ അഞ്ച് മാരകമായ രോഗങ്ങളെയാണ് ഒരു കുത്തിവയ്പിലൂടെ അകറ്റിനിർത്തുന്നത്. വാക്സിനുകളുടെ ലഭ്യതയ്ക്കുണ്ടായിരുന്ന വിടവ് എച്ച്ബിഎൽ നികത്തുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

രാജ്യത്ത് ആവശ്യമായ അൻപതുശതമാനത്തോളം വാക്സിനുകളും പൊതുമേഖലാ സ്ഥാപനങ്ങളിൽ തന്നെ ഉത്പ്പാദിപ്പിക്കണമെന്ന്  2002 ലെ ദേശീയ ആരോഗ്യ നയം വ്യക്തമാക്കിയിരുന്നു.  പെന്റാവാലന്റ്, ഹെപ്പറ്റൈറ്റിസ് ബി വാക്സിനുകൾ ഉൽപ്പാദിപ്പിക്കുന്നതിലൂടെ എച്ച്ബിഎൽ രാജ്യത്തെ ആരോഗ്യ നയത്തെ പിൻതാങ്ങുകയാണെന്നും അദ്ദേഹം പറഞ്ഞു.

> 2014ൽ പെന്റാവാലന്റ് വാക്സിൻ രാജ്യത്തെ എട്ട് സംസ്ഥാനങ്ങളിലേ ലഭ്യമായിരുന്നുള്ളൂ. എന്നാൽ ഈ വർഷം 12 സംസ്ഥാനങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കും.

പെന്റാഹിൽ, ഹൈവാക് ബി വാക്സിനുകൾ  പുറത്തിറക്കാനായെന്ന് ഡോ.എം.അയ്യപ്പൻ പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമമായി പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകിയാൽ മികച്ച നേട്ടം കൈവരിക്കാനാകുമെന്നതാണ് ഈ ദൗത്യത്തിലൂടെ എച്ച്ബിഎൽ തെളിയിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബിസിജി, അഞ്ചാംപനി, പേവിഷം, ഹെപ്പറ്റൈറ്റിസ് ബി, ഡിപിടിയും ഹെപ്പറ്റൈറ്റിസ് ബിയും എച്ച്ഐബിയും അടങ്ങുന്ന പെന്റാവാലന്റ് സംയുക്തം, എച്ച്ഐബി, ജാപ്പനീസ് എൻസഫലൈറ്റിസ് എന്നിവയുടെ വാക്സിനുകൾ ഉൽപ്പാദിപ്പിച്ച് ദേശീയ രോഗപ്രതിരോധ പരിപാടികളിൽ വിതരണം ചെയ്യുന്നതിനായുള്ള സംയോജിത വാക്സിൻ സമുച്ചയത്തിന്റെ (ഐവിസി) നിർമ്മാണം മുൻനിശ്ചയിച്ച സമയക്രമമനുസരിച്ച് പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

2012 ഏപ്രിൽ മാസം 26ന് നടന്ന സാമ്പത്തി-കകാര്യ കാബിനറ്റ് കമ്മിറ്റിയിലാണ് ഐവിസി പദ്ധതിക്ക് അനുമതി ലഭിച്ചത്. കൂടാതെ ദേശീയ പ്രാധാന്യമുള്ള പദ്ധതിയായി ഐവിസിയെ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പെന്റാഹിൽ, ഹൈവാക് വാക്സിനുകൾ പ്രാരംഭത്തിൽ ഇന്ത്യയിലെ സ്വകാര്യ വിപണിയിൽ എത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലേയും തമിഴ്നാട്ടിലേയും വിപണികളെ തുടർന്ന് ഇന്ത്യയിലൂടനീളം ഇത് ലഭ്യമാക്കും. ഇവ സർക്കാരിന്റെ രോഗപ്രതിരോധ പരിപാടികൾക്കും മറ്റു സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനും പദ്ധതിയുണ്ട്.

രോഗപ്രതിരോധ മേഖലയിൽ അടുത്തിടെയാണ് ആഗോളമായി പെന്റാവാക്സിൻ  വികസിപ്പിച്ചെടുത്തത്. ഒരു കുത്തിവയ്പിലൂടെ അഞ്ചു രോഗങ്ങളെ പ്രതിരോധിക്കാം എന്നതാണ് ഇതിന്റെ മേൻമ. 2014ൽ പെന്റാവാലന്റ് വാക്സിൻ രാജ്യത്തെ എട്ട് സംസ്ഥാനങ്ങളിലേ ലഭ്യമായിരുന്നുള്ളൂ. എന്നാൽ ഈ വർഷം പന്ത്രണ്ടു സംസ്ഥാനങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കും.

ഭാവിയിൽ വിവിധ പകർച്ചവ്യാധികളും സാംക്രമിക രോഗങ്ങളും തടയുന്നതിന് ഉപയുക്തമായ വിധത്തിൽ പ്രതിരോധമരുന്നുകൾ ഉൽപാദിപ്പിക്കാനുള്ള ശേഷി ലോകാരോഗ്യസംഘടനയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന, പൊതുമേഖലയിലെ ആദ്യത്തേതും ഏറ്റവും നവീനവുമായ എച്ച്എൽഎൽ ബയോടെക് ലിമിറ്റഡിനുണ്ട്. ഇന്ത്യയുടെ യൂണിവേഴ്സൽ ഇമ്യൂണൈസേഷൻ പ്രോഗ്രാം (യുഐപി) പ്രകാരം ആവശ്യമുള്ള വാക്സിനുകളുടെ  ഉൽപാദനവും വിതരണവും കൂടാതെ ഭാവിയിൽ ആവശ്യമായേക്കാവുന്ന പ്രതിരോധ വാക്സിനുകൾക്കായി അത്യാധുനിക ഗവേഷണ വികസന അടിത്തറ വികസിപ്പിച്ചെടുക്കാനും എച്ച്ബിഎൽ ശ്രമിക്കുന്നുണ്ട്. ആവശ്യമുള്ളവർക്കെല്ലാം കുറഞ്ഞനിരക്കിൽ ഉയർന്ന ഗുണമേന്മയുള്ളതും സുരക്ഷിതവുമായ പ്രതിരോധ മരുന്ന് ലഭ്യമാക്കുകയെന്ന ഭാരതസർക്കാരിന്റെ കാഴ്ചപ്പാട് നടപ്പാക്കുകയാണ് എച്ച്ബിഎല്ലിന്റെ ലക്ഷ്യം.




എച്ച് ബി എൽ ഉത്പാദിപ്പിക്കുന്ന  വിവിധ വാക്സിനുകൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സെക്രട്ടറി സീ ലവ് വർമ്മ ന്യൂഡൽഹിയിൽ  പുറത്തിറക്കുന്നു. മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിയും ദേശീയ ആരോഗ്യ മിഷൻ എംഡിയുമായ ശ്രീ സി കെ മിശ്ര, ചെയർമാൻ ഡോ എം അയ്യപ്പൻ, എച്ച് ബി എൽ ഇൻഡിപെൻഡൻഡ് ഡയറക്ടർ ശ്രീ വി വെങ്കിടാചലം, സി ഇ ഓ ശ്രീ രാമൻ രാമചന്ദ്രൻ എന്നിവർ സമീപം.

# എച്ച്എൽഎൽ ലൈഫ് കെയർ സെന്റർ ഗീതാഞ്ജലിയിൽ പ്രവർത്തനമാരംഭിച്ചു

എച്ച്എൽഎല്ലിന്റെ ആദ്യ പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ലൈഫ് കെയർ സെന്റർ വഴുതക്കാട് ഗീതാഞ്ജലി ഐ ആൻഡ് ഇ എൻ ടി ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചു. കണ്ണട, ലെൻസ്, ഫ്രെയിം തുടങ്ങിയ നേത്ര ചികിത്സക്കാവശ്യമായ ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ ലൈഫ് കെയർ സെന്ററിൽ ലഭ്യമാകും.

ഗീതാഞ്ജലി ആശുപത്രിയിൽ നടന്ന ചടങ്ങിൽ ലൈഫ് കെയർ സെന്ററിന്റെ ഉദ്ഘാടനം സംസ്ഥാന ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല നിർവ്വഹിച്ചു. നേത്ര, ചെവി സംബന്ധ രോഗങ്ങൾക്ക് പ്രത്യേക ചികിത്സ ലഭ്യമാക്കി തിരുവനന്തപുരത്ത് മുൻനിരയിൽ പ്രവർത്തിക്കുന്ന ആശുപത്രിയാണ് ഗീതാഞ്ജലി. രാജ്യത്ത് പതിനാറാമത്തേതും സംസ്ഥാനത്ത് ഒൻപതാമത്തേതുമാണ് പുതിയ ലൈഫ്കെയർ സെന്റർ. ഇവിടെ നിന്നും പത്തു മുതൽ 60 ശതമാനം വരെ വിലക്കിഴിവിൽ കണ്ണടകൾ ലഭ്യമാകും. എച്ച് എൽ എല്ലിന്റെ ആദ്യ ലൈഫ് കെയർ സെന്റർ 2011ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് ആരംഭിച്ചത്.

കേരളത്തെക്കൂടാതെ കർണാടക, ഒഡീഷ, ഹിമാചൽപ്രദേശ്, ആന്ധ്രാപ്രദേശ് ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിലായി പ്രവർത്തിച്ചു വരുന്ന ലൈഫ് കെയർ സെന്ററുകളുടെ സേവനം ഇനിയും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാൻ എച്ച് എൽ എല്ലിന് പദ്ധതിയുണ്ട്. ആരോഗ്യ പരിരക്ഷ ഉൽപ്പന്നങ്ങൾ അവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് ലൈഫ് കെയർ സെന്ററുകളിലൂടെ ലക്ഷ്യമിടുന്നത്. എച്ച്എൽഎൽ ഫിനാൻസ് വിഭാഗം ഡയറക്ടർ ശ്രീ.ആർ.പി. ഖണ്ഡേൽവാൽ, ഡിഡിആർസി എസ്ആർഎൽ ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് എംഡി.ഡോ. കെ. അജിത് ജോയ്, വഴുതക്കാട് വാർഡ് കൗൺസിലർ ശ്രീ.കെ.സുരേഷ് കുമാർ, ഡോ. ശ്രീകുമാരൻ നായർ, ഗീതാഞ്ജലി ഐ ആൻഡ് ഇഎൻടി ആശുപത്രി ചെയർമാൻ ഡോ.ബാലകൃഷ്ണൻ നായർ എന്നിവർ ഉദ്ഘാടനച്ചടങ്ങിൽ സംസാരിച്ചു.



ഗീതാഞ്ജലി ഐ ആൻഡ് ഇ എൻ ടി ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുന്ന ലൈഫ് കെയർ സെന്ററിന്റെ ഉദ്ഘാടനം സംസ്ഥാന ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല നിർവ്വഹിക്കുന്നു.

## ഒററനോട്ടത്തിൽ



എച്ച്എൽ എൽ വെബ്സൈററിലൂടെ വീഡിയോ ദൃശ്യങ്ങൾ പ്രദർശിപ്പിക്കാൻ കഴിയുന്ന വെബിനാർ ജനുവരി 5 ന് സിഎംഡി ഡോ എം അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു.




2014 ലെ മികച്ച മാഗസിനുള്ള കേരള മാനേജ്മെന്റ് അസോസിയേഷന്റെ എക്സലൻസ് അവാർഡ് എച്ച്എൽ എൽ ഫാമിലി മാഗസിനിനു ലഭിച്ചു.



കോർപ്പറേറ്റ് ഹെഡ് ഓഫീസിൽ ജനുവരി 26 ന് റിപ്പബ്ലിക് ദിനാഘോഷചടങ്ങിൽ സിഎംഡി ഡോ എം അയ്യപ്പൻ.



എച്ച്എൽ എൽ അക്കാദമിയുടെ തിങ്ക് ടാങ്ക് ജനുവരി 15ന് സംഘടിപ്പിച്ച പരിപാടിയിൽ പ്രൊഫ.വിജയകുമാർ (ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് , ഇല്ലിനോയിഡ് ഇൻസ്റ്റിറ്റ്യൂട്ട് ) സംസാരിക്കുന്നു.